(ഡി) പോലീസ് മർദ്ദനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് പ്രദീപിന്റെ അച്ഛനും അമ്മയും ചേർന്ന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തെക്കുറിച്ച് എസ്.പി. റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 19-4-2003 വെളുപ്പിന് രണ്ടു മണിയോടുകൂടി തൃങ്ങാംപാറ പ്രഭാത് കമ്മ്യൂണിക്കേഷൻ കടയുടെ ഷട്ടറിനോട് ചേർന്ന് പ്രദീപും മറ്റ് രണ്ട് പ്രതികളായ അനിൽകുമാർ, സുചീന്ദ്രൻ എന്നിവരും ഇരുട്ടിൽ കമ്പിപ്പാര, ചുറ്റിക, കുറുവടി എന്നീ ആയുധങ്ങളുമായി പതിയിരിക്കുന്നത് കണ്ട് പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രതികളുടെ മേൽ മൂന്നാംമുറ പ്രയോഗിച്ചിട്ടില്ല. എന്നാൽ കാട്ടാക്കട പി. എസ്. ക്രൈം 134/03 യു/എസ് 41 (1) ബി. സി. ആർ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് റിമാന്റപേക്ഷ സഹിതം പ്രതികളെ ബഹു. കാട്ടാക്കട മജിസ്ട്രേട്ടിന്റെ അഭാവത്തിൽ 19-4-2003 രാത്രി 8 മണിക്ക് നെയ്യാറ്റിൻകര ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കുകയും ബഹു. കോടതി ടി പ്രതികളെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) ടി പ്രതി പ്രദീപ് റിമാന്റിൽ കഴിഞ്ഞുവരവേ ജയിലിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിരിക്കുകയാണെന്നുള്ള വിവരം പിന്നീട് അറിവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത പരാതികളിൽ നെടുമങ്ങാട് ഡി.വൈ.എസ്.പി. നേരിട്ട് അന്വേഷണം നടത്തിവരുന്നുണ്ട്.

അരവിന്ദൻ മാണിക്കോത്തിനെതിരെയുള്ള വധശ്രമം

42 (2155) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാടുനിന്നും പ്രസിദ്ധീകരിക്കുന്ന "ലേറ്റസ്റ്റ്" പത്രത്തിന്റെ പത്രാധിപർ ശ്രീ. അരവിന്ദൻ മാണിക്കോത്തിനെതിരെയുള്ള വധശ്രമത്തിൽ ഇതുവരെ എത്ര പ്രതികളെ അറസ്റ്റുചെയ്തുവെന്നും ഇനി എത്ര പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടംവരെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ലോക്കൽ പോലീസാണോ, മറ്റേതെങ്കിലും അന്വേഷണ ഏജൻസിയാണോ കേസ് അന്വേഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേസ് അന്വേഷണം തൃപ്തികരമായ രീതിയിലാണോ പുരോഗമിക്കുന്നത് ;

(ഇ) ഇല്ലെങ്കിൽ തൃപ്തികരമായി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 പ്രതികളെയും അറസ്റ്റു ചെയ്തു. കൂടുതൽ പ്രതികൾ ഉള്ളതായി വെളിവായിട്ടില്ല.

(ബി&സി) ക്രൈം നം. 142/ബി.ആർ./03 ആയി റീ രജിസ്റ്റർ ചെയ്ത് 16-6-2003 മുതൽ കണ്ണൂർ ക്രൈംബ്രാഞ്ച് യൂണിറ്റ് അന്വേഷിച്ച് വരുന്നു.

(ഡി) അതെ.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഔദ്യോഗിക പരിപാടിക്ക് മൈക്ക് പെർമിഷൻ നൽകിയില്ലെന്ന പരാതി

43 (2156) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക പരിപാടിക്ക് മൈക് പെർമിഷൻ നൽകാത്തതിനെക്കുറിച്ച് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ജനപ്രതിനിധികളുടെ ഔദ്യോഗിക കൃത്യനിർവഹണത്തിന് സംരക്ഷണം നൽകേണ്ട പോലീസ് അതിന് കടകവിരുദ്ധമായി പ്രവർത്തിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ഷൊർണ്ണൂർ ഡി. വൈ. എസ്. പി. അന്വേഷിച്ചു വരുന്നു.

(സി) ക്രമസമാധാന സംയമനത്തിന് വേണ്ടിയാണ് മൈക്ക് പെർമിഷൻ നിഷേധിക്കുവാൻ ഇടയായത്.

(ഡി) പരാതിയെ സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly